2

# ആരോ ഒരാൾ നിങ്ങളെ സ്നേഹിക്കുന്നു

*നിങ്ങൾ* എന്തു ചെയ്യണം, എന്നതിനാണ് ഈ പ്രസിദ്ധീകര ണത്തിൽ ഊന്നൽ നൽകിയിരിക്കുന്നത്. നാം എന്തു ചെയ്താലും ദൈവം നമുക്കു എന്തു ചെയ്തു എന്നു താരതമ്യം ചെയ്യുക. എന്ന ആശയം തരാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇതു വിഷയം ദൈവ സ്നേഹത്തെ കുറിച്ചുള്ളതാണ്. ഇത് പൂർണ്ണമായി പ്രതിപാദിക്കുന്നി ല്ലെങ്കിലും, ആവേശകരമായ ഈ പാഠത്തിലേയ്ക്കു ചുരുങ്ങിയതു ആമുഖം തരുന്നതാണ്.

### പാപത്തിൽ നഷ്ടം

ദൈവസ്നേഹത്തെ നാം അഭിനന്ദിക്കണമെങ്കിൽ ആ സ്നേഹത്തിന്റെ ആവശ്യം നാം കാണണം. ദൈവം തന്റെ സ്നേഹം പ്രദർശിപ്പിക്കുന്നതിനു മുൻപ്, മനുഷ്യൻ പാപത്തിൽ നഷ്ടപ്പെട്ടവ നായിരുന്നു - സഹായമില്ലാതെ പ്രത്യാശയില്ലാതെ ആയിരുന്നു.

“പാപത്തിൽ നഷ്ടപ്പെട്ടവൻ,” എന്നു ഞാൻ പറയുമ്പോൾ, അതു വ്യക്തിപരമായ പാപമാണ്. ആദാമിന്റെ പാപമല്ല. ചിലർ വിശ്വസിക്കുന്നതു ഒരു ശിശു ജനിക്കുമ്പോൾ ആദാമിന്റെ പാപക്കറ യോടു കൂടിയാണ് ജനിക്കുന്നത് എന്നാണ്. എന്നാൽ ബൈബിൾ പറയുന്നതു, ശിശുക്കൾ ജനിക്കുന്നതു വിശുദ്ധരായിട്ടാണ് എന്നത്രെ, യേശു പറഞ്ഞു, “വാസ്തവമായി ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ തിരിഞ്ഞ് ശിശുക്കളെ പോലെ ആയിവരുന്നില്ലാ എങ്കിൽ, സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല” (മത്തായി 18:3) അവൻ വീും, പറഞ്ഞു, “ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ അവരെ തടുക്കരുത്. സ്വർഗ്ഗരാജ്യം ഇങ്ങനെ ഉള്ളവരുടേതല്ലോ എന്നു പറഞ്ഞു” (മത്തായി 19:14).

യെഹെസ്കേൽ പ്രവാചകൻ ഊന്നി പറഞ്ഞതു ഓരോരുത്തൻ

ചെയ്യുന്ന പാപങ്ങൾക്കു അവർ തന്നെയാണ് ഉത്തരവാദികൾ - പിതാക്കന്മാരുടെ പാപങ്ങൾക്കു, മക്കൾ ഉത്തരവാദികൾ അല്ല:

> പാപം ചെയ്യുന്ന ദേഹി മരിക്കും, മകൻ അപ്പന്റെ അകൃത്യം വഹിക്കേ, അപ്പൻ മകന്റെ അകൃത്യം വഹിക്കേ; നീതിമാന്റെ നീതി അവന്റെ മേലും, ദുഷ്ടന്റെ ദുഷ്ടത അവന്റെ മേലും ഇരിക്കും (യെഹസ്ക്കേൽ 18:20).

നിങ്ങൾക്കു നിങ്ങളുടെ പാപത്തിന്റെ *അനന്തരഫലം* അനുഭവിക്കാൻ കഴിയും.[1] പക്ഷെ അപ്പൻ ചെയ്ത *അകൃത്യത്തിന്റെ* കുറ്റം നിങ്ങളിൽ വരുന്നില്ല. ആദാമിന്റെ പാപത്തിന്റെ അനന്തരഫലം നാം അനുഭവിക്കുന്നു - ഭൗതിക മരണം (ഉല്പത്തി 3:3) - പക്ഷെ അവൻ ചെയ്ത പാപത്തിന്റെ കുറ്റം നമ്മിൽ വരുന്നില്ല.

നാം വിശുദ്ധരായിട്ടാണ് ജനിക്കുന്നതെങ്കിലും വളരുമ്പോൾ, തെറ്റിൽ നിന്നു ശരിയായതു പഠിക്കുന്നു. നാം തെരെഞ്ഞെടുക്കുമ്പോൾ, അതു പാപമായി തീരുന്നു. ക്രമേണ, നാം നമ്മുടെ പാപങ്ങൾക്കു കണക്കു കൊടുക്കേവരായി തീരുന്നു. "ഈ കണക്കു കൊടുക്കേ പ്രായം" ആളുകളുടെ പശ്ചാത്തലം, പരിശീലനം, ഗുണവിശേഷം എന്നിവ അനുസരിച്ചു വ്യത്യസ്തമായിരിക്കും, യെഹൂദന്മാർ ഇതിനു വെച്ചിരിക്കുന്ന പ്രായം പതിമൂന്നാണ്,[2] എന്നാൽ വ്യക്തികളെ ആശ്രയിച്ചു വ്യത്യാസം ഉായിരിക്കും.

ഒരാൾ, ശൈശവ പ്രായത്തിൽ മരിക്കുന്നില്ലെങ്കിൽ, പിൽക്കാലത്തു പാപം ചെയ്യും പാപിയായി തീരും. "നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല; ... എല്ലാവരും പാപം ചെയ്തു തേജസ് ഇല്ലാത്തവരായി തീർന്നു" (റോമർ 3:10, 23).

"പാപം" എന്ന വാക്ക് നിർവ്വചിക്കേതു്. "പാപം" എന്നതിന്റെ ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം "ഉന്നം തെറ്റുക" എന്നതാണ്. ഒരു ഗ്രീക്കു വില്ലാളി തന്റെ ഉന്നം തെറ്റുന്നതു, അത് പറയുന്നത് അവൻ "പാപം ചെയ്തു" എന്നാണ്. ആത്മീയമായ സമാന്തരം എടുക്കുമ്പോൾ, "ഉന്നം" (ലക്ഷ്യം) എന്നത് ദൈവേഷ്ടമാണ് റോമർ 3:23 പറയുന്നതുപോലെ എല്ലാവരും "പാപം ചെയ്തു ദൈവ തേജസ്സ് നഷ്ടമാക്കി."[3]

''പാപത്തിനു'' മറ്റൊരു വാക്ക് ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നതു ''ലംഘനം'' എന്നാണ്. ന്യായപ്രമാണം ''ലംഘനം നിമിത്തം കൂട്ടിച്ചേർത്തതാണെന്നു'' നമ്മുടെ കഴിഞ്ഞ പാഠത്തിൽ, നാം കുവല്ലൊ (ഗലാത്യർ 3:19). ഇംഗ്ലീഷ് വാക്കായ "അകൃത്യം" (ഗ്രീക്കു വാക്കിൽ നിന്നു വന്നതാകാം). അടിസ്ഥാനപര മായി അതിന്റെ അർത്ഥം, "മറികടക്കുക"[4] എന്നാണ്. ഈ ആശയം വ്യക്തമാക്കിയിരിക്കുന്ന ഭാഗമാണ് 2 യോഹന്നാൻ 9-ാം വാക്യം: "യേശുക്രിസ്തുവിന്റെ, ഉപദേശത്തിൽ നിന്നു *അതിർ കടന്നു ദൂരെ പോകുന്ന ഒരുത്തനും* ദൈവം ഇല്ല." (എംഫസിസ് മൈൻ). KJV യിൽ "ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്ന്, അതിർ കടന്നു പോകുന്ന, ഒരുത്തനും ദൈവം ഇല്ല."

വില്ലാളിയുടെ ചിത്രീകരണം തുടരുവാൻ, ലംഘനം എന്നതു ലക്ഷ്യം *കടന്നുപോകുന്ന* ഒരു ഷൂട്ടിങ് പോലെയാണ് - അതു ദൈവഹിത *ത്തിനപ്പുറം* പോകുന്നതിനെ സൂചിപ്പിക്കുകയാണ്.



ഉപേക്ഷിക്കുന്നതും ചെയ്യുന്നതുമായ പാപത്തെ കുറിച്ചു ചിലപ്പോൾ ആളുകൾ പറയാറു് "നാം ചെയ്യേതു ചെയ്യാതിരി ക്കുന്നതാണ്" ''ഉപേക്ഷ എന്ന പാപം'' (ദൈവത്തിന്റെ പ്രതീക്ഷക്കൊത്ത് ഉയരുന്നതിൽ പരാജയപ്പെടുന്നു). ചെയ്യരുതാത്തതു ചെയ്യുന്നതാണ് "ചെയ്യുന്നപാപം" എന്നത്. (ദൈവം വെച്ചിരിക്കുന്ന അതിരുകൾ കടന്നു പോകുക).[5]

"പാപത്തിന്റെ" മറ്റൊരു പര്യായപദമാണ് "അകൃത്യം."[6] യാക്കൊബ് 3:6-ൽ "അനീതി ലോകമെന്നു'' പറഞ്ഞിട്ടു്. ''അകൃത്യം'' എന്ന വാക്കിന്റെ അർത്ഥം അനീതി എന്നാണ്. അകൃത്യം എന്ന ആശയം യെശയ്യാവ് 53:6 വ്യക്തമാക്കുന്നു്: "നാമെല്ലാവരും ആടുകളെ പോലെ തെറ്റി പോയിരുന്നു, നാം ഓരോരുത്തരും താന്താന്റെ വഴിയ്ക്കു തിരിഞ്ഞിരുന്നു; എന്നാൽ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽചുമത്തി." എന്ന പ്രയോഗം ശ്രദ്ധിക്കുക. അതായതു ദൈവത്തിന്റെ വഴിക്കു പകരം "ഓരോരുത്തൻ അവനവന്റെ വഴിക്കു സഞ്ചരിച്ചിരുന്നു": എന്നർത്ഥം. ഇതു നമ്മുടെ വില്ലാളിയുടെ ചിത്രീകരണവുമായി ഒത്തു നോക്കിയാൽ, അമ്പും വില്ലും പിടിച്ചിരിക്കുന്നവൻ തന്റെ ഉന്നം പൂർണ്ണമായി അവഗണിച്ചിരിക്കുന്നു എന്നു കാണാം.



ചില ആളുകൾ അവരുടെ, "ഉന്നത്തിൽ" ദൈവത്തെ പ്രസാദിപ്പിക്കുവാൻ അധികമൊന്നും പരിശ്രമിക്കാത്തതു കൊ് പരാജയപ്പെടുന്നു. അവരുടെ, പ്രശ്നം അവർ ദൈവത്തെ അനുസരിക്കുന്നുോ ഇല്ലയോ എന്നു ചിന്തിക്കുന്നില്ല. അവർ തങ്ങളുടെ ഇഷ്ടപ്രകാരം ജീവിതം നയിക്കുന്നു. അവർ ശാഠ്യത്തോടെ തങ്ങളുടെ വഴിയിൽ ചലിക്കുന്നു.

പൊതുവായ ഈ മൂന്നു വിധത്തിൽ പാപം ചെയ്യുന്നതിനെ കുറിച്ചു ചിന്തിക്കുക: നാം ചെയ്യേതിൽ പരാജയപ്പെടുക, തെറ്റാണെന്നറിഞ്ഞിട്ടു അതു ചെയ്യുക, ദൈവേഷ്ടത്തെ പൂർണ്ണമായി അവഗണിക്കുക. അതിനോടൊപ്പം നാം ചെയ്യുന്നതിനാൽ നമുക്കു പാപം ചെയ്യാൻ കഴിയും എന്നതു *കൂടെ* ചേർക്കുക (യാക്കോബ് 4:17), നാം *പറയുന്നതിനാൽ* പാപം ചെയ്യാം (മത്തായി 12:37), നമ്മുടെ *വിചാരത്താലും* പാപം വരാം (മത്തായി 15:19). ഇവയെല്ലാം കൂട്ടിച്ചേർത്തു പരിഗണിച്ചാൽ, ഈ സത്യങ്ങൾ നമ്മുടെ സ്വന്ത ജീവിതത്തിൽ എങ്ങനെ പ്രായോഗികമാക്കാമെന്നു നോക്കുക:

- നിങ്ങൾ എപ്പോഴെങ്കിലും *ചെയ്യേ* കാര്യത്തിൽ പരാജയപ്പെട്ടിട്ടുോ?
- നിങ്ങൾ എപ്പോഴെങ്കിലും പറയരുതാത്തതു *പറഞ്ഞിട്ടുോ?*
- നിങ്ങൾ എപ്പോഴെങ്കിലും ദൈവേഷ്ടത്തിനു വിരുദ്ധമായി *ചിന്തിച്ചിട്ടുോ?*

ചുരുക്കത്തിൽ, നിങ്ങൾ പാപിയാണെന്നു സമ്മതിക്കു ന്നുവോ? നിങ്ങൾ നിങ്ങളുടെ നഷ്ടപ്പെട്ട അവസ്ഥ തിരിച്ചറിയാത്തിടത്തോളം, നിങ്ങൾ രക്ഷിക്കപ്പെടുവാൻ തയ്യാറായിട്ടില്ല.

നിങ്ങളുടെ പാതകത്തെ ഏറ്റു പറയുന്നതു പ്രധാനപ്പെട്ട കാര്യമാണ്. നിങ്ങളുടെ പാപത്താലുള്ള കുറ്റം നീക്കിക്കളയുവാൻ *നിങ്ങളാൽ* അസാധ്യമാണെന്നു മനസ്സിലാക്കുന്നതും മുഖ്യകാര്യമാണ്. ഒരാൾക്കു തന്റെ ജീവിതത്തിൽ തിന്മയേക്കാൾ കൂടുതൽ നന്മയാണെന്നുങ്കെിൽ, ആ തിന്മയെ നീക്കം ചെയ്യും എന്നു തെറ്റിധരിക്കപ്പെട്ടിട്ടു്. നിർഭാഗ്യവശാൽ, നാം ദൈവത്തെ അനുസരിക്കാതെ എത്ര നന്മചെയ്താലും അതിനു പകരം ആകുകയില്ല എന്നതാണ് വാസ്തവം.

നിങ്ങൾ കൊടുത്തു തീർക്കേ പണം കൊടുക്കാതെ കുന്നുകൂടി ഭയങ്കരമാകുന്നു എന്നു വിചാരിക്കുക. ഒരു ദിവസം, നിങ്ങൾ തീരുമാനിക്കുന്നു, ‘‘ഇതു മോശമാണ് ഇനിമുതൽ, ഞാൻ കൊടുക്കേതെല്ലാം കൃത്യ സമയത്തു കൊടുത്തു തീർക്കും.’’ വർഷംതോറും, ഇതു നിങ്ങൾ വശ്വസ്തമായി നടത്തുന്നു എന്നു വിചാരിക്കുക. ഇത് ശ്രദ്ധായമാണ് ... എന്നാൽ നിങ്ങൾ തുടങ്ങിവച്ച കടമോ? ഇപ്പോഴത്തെ തീർക്കാനുള്ളത് തീർത്താലും പഴയത് ഒരിക്കലും മാറുന്നില്ല.

അതുപോലെ, നിങ്ങൾ നന്മ പ്രവർത്തിച്ചാൽ നല്ലതു തന്നെ, നിങ്ങൾ, അങ്ങനെ തന്നെ “ചെയ്യണമെന്നു” ബൈബിൾ പഠിപ്പിക്കുന്നു (ലൂക്കോസ് 17:10 നോക്കുക). ഇതൊന്നും നിങ്ങൾ “ചെയ്യേിയിരുന്നതു” ചെയ്യാത്തതിനു പകരം ആകു*ന്നില്ല.*

നാം ദൈവത്തെ അനുസരിക്കാതെ, പാപം ചെയ്യുന്നതുകൊ് നമുക്കെന്താണ് കിട്ടുന്നത്? ബൈബിൾ വ്യക്തമാക്കുന്നത്: “പാപത്തിന്റെ ശമ്പളം മരണമത്രെ” (റോമർ 6:23). “മരണം’’ എന്ന വാക്കിനു ബൈബിളിലെ അന്തർലീനമായ അർത്ഥം *വേർപാട്* എന്നാണ്. ഭൗതികമരണം, ശരീരവും ആത്മാവും തമ്മിലുള്ള വേർപാടാണ് (യാക്കൊബ് 2:26 നോക്കുക) ആത്മീയമരണം പാപം നിമിത്തം ദൈവവും - മനുഷ്യരും തമ്മിലുള്ള വേർപാടാണ് (യെശയ്യാവ് 59:1, 2 നോക്കുക). നിത്യമരണം ദൈവത്തിൽ നിന്നുള്ള അന്ത്യമായ വേർപാടാണ് (2 തെസലൊനിക്യർ 1:9).

നമ്മുടെ ജീവിതത്തിൽ പാപം നിമിത്തം ആത്മീയ മരണം സംഭവിക്കുന്നു (എഫെസ്യർ 2:1). അതു യേശുവിന്റെ രക്തത്താൽ നീക്കം ചെയ്തില്ലെങ്കിൽ ആ പാപത്തിന്റെ ഫലം അവസാനം നിത്യ മരണമായിതീരും (വെളിപ്പാട് 20:14, 15). ജനങ്ങൾ അവരുടെ പാപ ങ്ങളിൽ മരിച്ചാൽ, താൻ പോകുന്നേടത്തേക്കു പോകാൻ അവർക്കു കഴിയുകയില്ല എന്നു യേശു അവരോടു പറഞ്ഞു (അതു, സ്വർഗ്ഗമാണ്; യോഹന്നാൻ 8:24; 14:2-6 വരെ നോക്കുക).

ഇന്നു ലോകത്തിനു ധാരാളം ആവശ്യങ്ങൾ ഉ്: സമാധാനം, അർബുദ രോഗസൗഖ്യം, വിശപ്പകറ്റാൻ ആഹാരത്തിനുള്ള വഴി, എന്നിവയും, ദൈവത്തിന്റേയും ആവശ്യമു്. ഒരാൾ താൻ പാപിയാണെന്നു സമ്മതിക്കാതെ സ്വയം രക്ഷ പ്രാപിക്കാൻ, കഴിയാത്ത തന്റെ ആത്മാവിനു പ്രത്യാശയില്ല. വീും പറയട്ടെ, *നിങ്ങൾ നിങ്ങുടെ* നഷ്ടപ്പെട്ട അവസ്ഥ സമ്മതിച്ചില്ലെങ്കിൽ, നിങ്ങൾ രക്ഷിക്കപ്പെടുവാൻ തയ്യാറായിട്ടില്ല.

നിങ്ങൾക്കു രക്ഷ ആവശ്യമാണെന്നു ബോധ്യമായാൽ, തുടർന്നു വായിക്കുക.

## കൃപയാൽ രക്ഷിക്കപ്പെട്ടു

"അത്ഭുത കൃപ" എന്ന പാട്ട് വളരെ പ്രസിദ്ധമാണ്, പക്ഷെ അതു പാടുന്ന പലർക്കും "കൃപ" എന്താണെന്ന് അറിഞ്ഞുകൂടാ. "കൃപ" എന്ന വാക്കിനു ഉപയോഗിച്ചിരിക്കുന്നതു "ദാനം" എന്ന വാക്കിനു ഉപയോഗിച്ച വാക്കുമായി ബന്ധപ്പെട്ടു കിടക്കുന്നു. "കൃപ" എന്നതു ദാനമായി - ഏല്പിക്കുന്നു എന്നു സൂചിപ്പിക്കുന്നു. മറ്റൊരർത്ഥത്തിൽ, പറഞ്ഞാൽ നേടിയെടുക്കാൻ പറ്റാത്തതു. ''കൃപ'' എന്നതു "അനർഹമായ ഉപകാരം" എന്നു നിർവചിക്കപ്പെട്ടിട്ടു്. എനിക്ക് ഇഷ്ടപ്പെട്ട ഒരു നിർവചനം "അനർഹവും, ആവശ്യമായതും" എന്നാണ്.

നാം പാപികളായതുകൊു, നമുക്കു രക്ഷ *ആവശ്യമാണ്.* പക്ഷെ നമുക്കതിനു *അർഹതയില്ല.* അങ്ങനെ, നാം രക്ഷിക്കപ്പെടണ മെങ്കിൽ, അതു ദൈവ *കൃപയാൽ* അത്രേ ലഭിക്കുന്നത്**.** ക്രിസ്ത്യാനികൾ രക്ഷിക്കപ്പെടുന്നു ''കൃപയാലാണെന്ന്'' എഫെസ്യർ 2:8ഉം മറ്റു വാക്യങ്ങളും ഊന്നി പറയുന്നു.

ദൈവകൃപയുടെ ഏറ്റവും വലിയ പ്രകടനമാണ് തന്റെ പുത്രനെ ദാനമായി തന്നത് ഈ വാക്യം ഉദ്ധരിച്ചു നിങ്ങൾ കേട്ടിരിക്കുമല്ലോ: "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും, നശിച്ചു പോകാതെ നിത്യ ജീവൻ പ്രാപിക്കേതിന്നു, ദൈവം അവനെ നല്കുവാന്തക്കത്തവണ്ണം, ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16). ദൈവം ലോകത്തെ സ്നേഹിച്ചു - ദൈവം *നിങ്ങളേയും* സ്നേഹിച്ചു - നിങ്ങളുടെ പാപത്തിനു വേി മരിപ്പാൻ അവൻ തന്റെ പുത്രനെ നല്കുവാൻ തയ്യാറായി. എനിക്കു മൂന്നു പെൺമക്കളും രു കൊച്ചു മക്കളും ഉ്, പക്ഷെ അവരിൽ ആരെയും നല്കുവാൻ എനിക്കു താല്പര്യമില്ല. ദൈവത്തിനു ഏക പുത്രനാണുായിരുന്നതു, ആ പുത്രനെ ദൈവം നമുക്കു വേി നല്കി.

പൌലോസ് എഴുതി, "നാം ബലഹീനർ ആയിരിക്കുമ്പോൾ, ... തന്നേ ക്രിസ്തു തക്കസമയത്തു അഭക്തർക്കുവേി മരിച്ചു ... നീതിമാനു വേി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം. ഗുണവാന്നുവേി പക്ഷെ മരിപ്പാൻ തുനിയുമായിരിക്കും, ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ, തന്നേ നമുക്കു വേി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" (റോമർ 5:6-8).

അനേക കാരണങ്ങളാലാണ് യേശു ഈ ലോകത്തിലേക്കു വന്നത്: ദൈവത്തെക്കുറിച്ചു നമ്മെ പഠിപ്പിക്കുവാൻ (യോഹന്നാൻ 3:2), ജനങ്ങളെ സഹായിക്കുവാൻ (മത്തായി 20:28), നമുക്കു തികഞ്ഞ മാതൃക പിൻപറ്റുവാൻ കാണിക്കേതിന്നു (1 പത്രോസ് 2:21). ഏറ്റവും പ്രധാനപ്പെട്ടകാര്യം, അവൻ ''കാണാതെ പോയതിനെ തിരഞ്ഞു

രക്ഷിപ്പാൻ'' വന്നു എന്നതാണ് (ലൂക്കൊസ് 19:10). ആ ഉദ്ദേശം നിറവേറ്റുവാൻ, അവൻ ക്രൂശിൽ മരിക്കേി വന്നു: "... രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല" (എബ്രായർ 9:22).

യേശു, രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല എന്നു പറയുവാൻ കാരണം എന്താണ്? ഈ ചോദ്യത്തിനുള്ള ഉത്തരം കിടക്കുന്നതു ദൈവസ്വഭാവത്തിലാണ്. നമുക്കു ദൈവത്തെ പൂർണ്ണമായി മനസിലാക്കാൻ കഴിയാത്തതുകൊ് അവന്റെ ഉദ്ദേശ ങ്ങളും പദ്ധതികളും പൂർണ്ണമായി മനസിലാക്കാൻ സാധ്യമല്ല (1 കൊരിന്ത്യർ 2:16) – അതിൽ ക്രൂശിൽ ഉൾപ്പെട്ടിരിക്കുന്നതെല്ലാം അടങ്ങുന്നു. എങ്കിലും, ആ ചോദ്യത്തെ ആരായുന്നതിൽ വളരെ വിലയു്.

താഴെ കൊടുക്കുന്ന ചിന്തകൾ പരിഗണിക്കുക: ദൈവം ദൈവം തന്നെ (സങ്കീർത്തനങ്ങൾ 89:14). വിശുദ്ധനായ ഒരു ദൈവം ആകകൊ്, അവനു പാപം സഹിക്കാവുന്നതല്ല (യെശയ്യാവ് 6:3); നീതിമാനാകണമെങ്കിൽ, പാപത്തെ ശിക്ഷിക്കണം. ദൈവം സ്നേഹമുള്ള ദൈവം ആകയാൽ നാം അവന്നു നന്ദിയുള്ളവരായിരിക്കണം. അവൻ നീതിമാനായ ദൈവം മാത്രമായിരുന്നെങ്കിൽ, നാം എല്ലാവരും പാപം ചെയ്തതുകൊ് നഷ്ടപ്പെടുമായിരുന്നു. അവൻ സ്നേഹവാനായ ദൈവം ആകയാൽ (1 യോഹന്നാൻ 4:8) ആരും നശിച്ചു പോകുന്നതു, അവനിഷ്ടമല്ല (2 പത്രൊസ് 3:9); അതുകൊ്, തന്റെ പുത്രനെ അവൻ നമുക്കുവേി കഷ്ടം സഹിക്കുവാൻ ഏല്പിച്ചു. യേശു ക്രൂശിൽ മരിച്ചപ്പോൾ, എന്റെ പാപങ്ങൾക്കുള്ള ശിക്ഷ-നിങ്ങളുടേയും അവൻ ഏറ്റു വാങ്ങി എന്നു വിശ്വാസത്തോടെ, സ്വീകരിക്കുന്നു.

> ... ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു (1 കൊരിന്ത്യർ 15:3).
>
> പാപം അറിയാത്തവനെ [യേശു] നാം അവനിൽ ദൈവത്തിന്റെ നീതി ആകേതിന്നു അവൻ, [ദൈവം] നമുക്കുവേി പാപം ആക്കി (2 കൊരിന്ത്യർ 5:21).
>
> നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു, നാം ഓരോരുത്തരും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെ മേൽ ചുമത്തി (യെശയ്യാവ് 53:6).

യേശു വെറും ഒരു മനുഷ്യനായിരുന്നെങ്കിൽ, തികവുള്ള മനുഷ്യനായിരുന്നെങ്കിൽ പോലും അവന്റെ മരണത്തിനു പാപപരിഹാരം വരുത്തുവാൻ കഴിയുമായിരുന്നില്ല. പാപമില്ലാതിരുന്ന

ദൈവത്തിന്റെ പുത്രനു മാത്രമേ ലോകത്തിന്റെ പാപം മുഴുവൻ ചുമക്കുവാൻ കഴിയുമായിരുന്നുള്ളൂ അനേക, മതനേതാക്കൾ ഉായിട്ടു്. പക്ഷേ രക്ഷകൻ യേശു എന്ന ഒരാൾ മാത്രം: യേശു പറഞ്ഞു, ''ഞാൻ തന്നേ വഴിയും, സത്യവും, ജീവനും; ആകുന്നു ഞാൻ മുഖാന്തരമല്ലാതെ ആരും, പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹന്നാൻ 14:6).[8]

നിങ്ങൾക്കു രക്ഷിക്കപ്പെടുവാൻ കഴിയുന്നതിനു മുൻപു, നിങ്ങൾ ഈ പ്രധാന സത്യങ്ങളെ സ്വീകരിക്കേതു്: (1) യേശു ദൈവത്തിന്റെ പുത്രനാണ്[9] (2) ക്രിസ്തു ക്രൂശിൽ നിങ്ങൾക്കായി മരിച്ചു. (3) നിങ്ങൾക്കു സ്വയമായി രക്ഷിക്കപ്പെടുവാൻ സാദ്ധ്യമല്ല; യേശുവിന്റെ യാഗത്താൽ രക്ഷിക്കപ്പെടുവാനേ കഴിയു.

**ഉപസംഹാരം**

നിങ്ങൾ വിദ്യാഭ്യാസമുള്ളവനായാലും അല്ലെങ്കിലും, ധനവാനാണെങ്കിലും ദരിദ്രനായാലും, സൗന്ദര്യമുള്ളവനോ, സൗന്ദര്യമില്ലാത്തവനോ, കറുത്തതോ വെളുത്തതോ, വിജയിയോ പരാജിതനോ (മനുഷ്യരുടെ നിലവാരത്തിൽ); ആയിരിക്കാം. അതൊന്നും കണക്കിലെടുക്കാതെ ദൈവം നിങ്ങളെ *സ്നേഹിക്കുന്നു.* തന്റെ പുത്രനെ നിങ്ങൾക്കായി മരിപ്പാൻ അയക്കത്തക്കവണ്ണം സ്നേ ഹിക്കുന്നു. നിങ്ങൾ ഇതിനുമുൻപു, വായിച്ചിട്ടില്ലെങ്കിൽ യേശു വിന്റെ ക്രൂശിലെ മരണത്തെയും ഉയിർപ്പിനെയും വിവരിക്കുന്ന വേദഭാഗങ്ങൾ നിങ്ങൾ വായിക്കുവാൻ താല്പര്യപ്പെടും (മത്തായി 26-28 വരെ; മർക്കൊസ് 14-16വരെ; ലൂക്കൊസ് 22-24വരെ; യോഹന്നാൻ 18-21 വരെയുള്ള അദ്ധ്യായങ്ങൾ).

പൗലൊസ് എഴുതി, ''എന്നെ സ്നേഹിച്ചു എനിക്കുവേി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള, വിശ്വാസത്താലത്രേ ജീവിക്കുന്നതു" (ഗലാത്യർ 2:20) എന്നാണ്. ഈ വാക്കു കൾ ഉറക്കെ പറയുക: "യേശു *എന്നെ* സ്നേഹിക്കുകയും എനിക്കുവേി തന്നത്താൻ ഏല്പിക്കുകയും ചെയ്തു'' ഈ വാക്കുകൾ സൂക്ഷിക്കുക. അവ യഥാർത്ഥ സത്യമാകുന്നു!

---

കുറിപ്പുകൾ

[1]ഉദാഹരണമായി, ഒരാൾ ഒരു ഭയങ്കര കുറ്റം ചെയ്തു. അയാളുടെ മക്കൾ അതു നിമിത്തം കഷ്ടതയും, ലജ്ജയും തരം താഴ്ത്തപ്പെടലും അനുഭവിക്കും (അയാളുടെ പ്രവത്തിയുടെ *അനന്തരഫലം*). എന്നാൽ ആ കുറ്റത്തിനു അയാളെ മാത്രമാണ് തടവി ലാക്കുന്നത് (അയാൾ മാത്രമാണ് *കുറ്റക്കാരൻ*). [2]ഒരു യഹൂദ കുട്ടി തന്റെ "ബാർമിത്സാ"

ആഘോഷിക്കുന്നതു പതിമൂന്നാമത്തെ ജന്മദിനത്തിലാണ് ("ബാർമിത്സ്വാ"
എന്നാൽ "നിയമത്തിന്റെ പുത്രൻ [ന്യായപ്രമാണത്തന്റെ]") 12-ാം വയസിൽ യേശു
പെസഹക്കു പോയി (ലൂക്കോസ് 2:41, 42). [3]എംഫസിസ് മൈൻ. [4]വ്യത്യസ്ത
തർജ്ജിമകളിൽ "അകൃത്യം" എന്നതിനു പല ഗ്രീക്കു വാക്കുകളും ഉപയോഗിച്ചി
ട്ടു്. എന്നാൽ ഇംഗ്ലീഷിലേതായ അർത്ഥമുള്ള ഗലാത്യർ 3:19ലെ, ഗ്രീക്കു
വാക്കാണ് ഞാൻ ഉപയോഗിച്ചിരിക്കുന്നത്. [5]റോമർ 7:19, 20 നോക്കുക. [6]പാപത്തിന്റെ
മറ്റൊരു പര്യായം "നിയമലംഘനം" എന്നാണ് (ആധുനിക തർജ്ജിമയിലെ
1 യോഹന്നാൻ 3:4 നോക്കുക). ഈ വാക്കിന്റെ അർത്ഥം "[ദൈവത്തിന്റെ] നിയമ
ത്തിനെതിരായി പോകുക" എന്നാണ്, വേറെയും "ദുഷ്ടത" "അനുകരണക്കേട്";
എന്നിങ്ങനെ പര്യായങ്ങൾ ഉ്. എന്നാൽ ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന വാക്കു
കൾ "പാപം," "അകൃത്യം," "ലംഘനം" എന്നിവയാണ്. പാപത്തിന്റെ വ്യാപ്തിക്കു
ഉപയോഗിച്ചിരിക്കുന്നത്. [7]ദൈവത്തെ പൂർണ്ണമായി മനസിലാക്കുവാൻ നാം ദൈവം
ആകേിയിരിക്കുന്നു. [8]ആദ്യത്തെ എഴുത്തിലുള്ള വേദഭാഗത്തിൽ ചരിച്ചെഴിതി
ഊന്നൽ കൊടുത്തിരിക്കുന്നു. [9]യേശുവിന്റെ ഉയിർപ്പിലുള്ള വിശ്വാസവും ഇതിൽ
അടങ്ങുന്നു (റോമർ 10:9). ഉയിർത്തെഴുന്നേല്പ് ആവേശകരമായ വിശയമാണെ
ങ്കിലും സ്ഥലവും സമയവും അതിൽ കൂടുതൽ സമയം ചെലവഴിക്കാൻ നിർവ്വാ
ഹമില്ല. യേശു ദൈവമാണെന്നു നിങ്ങൾക്കുറപ്പില്ലെങ്കിൽ ഈ ശക്തമായ വിഷയം
നിങ്ങൾ അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ അനുബന്ധമായ പാഠമായ "വിശ്വസിക്കു
ന്നതിനുള്ള വെല്ലുവിളി," വായിക്കുക. ഈ പ്രസിദ്ധീകരണത്തിന്റെ അവസാനം
അതു കാണാം. കൂടാതെ, നിങ്ങൾക്കു ഈ പുസ്തകം തന്ന ആളുമായി ചർച്ചചെ
യ്യുക. വീും പറയട്ടെ, നിങ്ങളുടെ പ്രാഥമിക ആവശ്യമായ ബൈബിളിനോടു
നിങ്ങൾ കൂടുതൽ പരിചയപ്പെട്ടു യേശുവിനെക്കുറിച്ചു ബൈബിൾ പറയുന്നതും
മനസിലാക്കണം (യോഹന്നാൻ 20:30, 31) ക്രിസ്തു ഉള്ള നിങ്ങളുടെ വിശ്വാസം
ശക്തമാക്കുവാൻ എത്രത്തോളം സമയം എടുക്കാമോ അത്രത്തോളം എടുത്തു
പുതിയ നിയമത്തിലെ, ആദ്യത്തെ നാലു പുസ്തകങ്ങളും വായിക്കുക.
അവിടെയാണ് യേശുവിന്റെ ജീവിത്തതെ പറ്റി എഴുതിയിരിക്കുന്നത്.